LIBRARY ARCHIVES Kerala Legislative Assembly

കേരള ഒളിമ്പിക് അസോസിയേഷൻ

18 (*258) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കായിക വികസനവുമായി ബന്ധപ്പെട്ട് ഒളിമ്പിക് അസോസിയേഷൻ നിർവ്വഹിക്കുന്ന പങ്ക് എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കായിക വികസനത്തിന് സഹായകരമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് അസോസിയേഷൻ നിലവിൽ ഏറ്റെടുത്ത് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

(എ & ബി)ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തും Travancore Cochin Literary, Scientific and charitable Societies Act 1955" ന്റെ കീഴിൽ രജിസ്റ്റർ ചെയ്തുമാണ് കേരള ഒളിമ്പിക് അസോസിയേഷൻ പ്രവർത്തിക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക ലഭിക്കുന്നതിനായി കേരള ഒളിമ്പിക് അസോസിയേഷൻ കായിക യുവജനകാര്യ ഡയറക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പ്രസ്തുത അസോസിയേഷൻ നടപ്പിലാക്കിയതും തുടർന്നുവരുന്നതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:- കോവിഡ് പശ്ചാത്തലത്തിൽ യൂട്യൂബ്, വിക്ടേഴ്സ് ചാനലുകൾ വഴി കായിക മത്സരങ്ങൾ, പരിശീലന പദ്ധതികൾ എന്നിവ സംബന്ധിച്ച പരിപാടികൾ പ്രാദേശിക ഭാഷയിൽ സംപ്രേഷണം ചെയ്തുവരുന്നു. കായികതാരങ്ങൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷന്റെ സഹകരണത്തോടെ "സ്റ്റേ ഫിറ്റ്" എന്ന കായിക ക്ഷമതാ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കുട്ടികൾക്ക് സ്വയം സുരക്ഷയ്ക്കായുള്ള ബോധവത്കരണം നടത്തുന്നതിന് കേരള പോലീസുമായി സഹകരിച്ച് "സ്റ്റേ അലർട്ട്" എന്ന പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ദേശീയ-അന്തർദ്ദേശീയ കായിക ഫെഡറേഷനുകളുമായി ചേർന്ന് ഓൺലൈനായി മോട്ടിവേഷൻ ക്ലിനിക്ക്, സെമിനാറുകൾ, റിഫ്രഷർ കോഴ്സുകൾ, മുതിർന്നവരെ ലക്ഷ്യമിട്ട് ഒളിമ്പിക് വേവ് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അസോസിയേഷന്റെ സംസ്ഥാന-ജില്ലാതല ഭരണസമിതിയുടെ ഘടന എങ്ങനെയാണ്; പ്രസ്തുത സമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി പ്രസിദ്ധീകരിച്ചിട്ടുള്ള ഒളിമ്പിക് ചാർട്ടർ പ്രകാരം രാജ്യത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ കീഴിൽ അഫിലിയേറ്റ് ചെയ്യും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അഫിലിയേഷൻ കൂടാതെയും പ്രവർത്തിക്കുന്ന കേരള ഒളിമ്പിക് അസോസിയേഷന്റെ സംസ്ഥാന-ജില്ലാതല ഭരണസമിതികളുടെ തെരഞ്ഞെടുപ്പും യോഗ്യതാ മാനദണ്ഡങ്ങളും 2000-ലെ കേരള സ്പോർട്സ് ആക്ടിലോ അവയ്ക്കുകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കോ കീഴിൽ പരാമർശിക്കുന്ന രീതിയിലല്ല. കേരള ഒളിമ്പിക് അസോസിയേഷന്റെ സംസ്ഥാന/ജില്ലാ ഘടകങ്ങളുടെ പ്രതിനിധികളടങ്ങുന്ന ജനറൽ കൗൺസിൽ തെരഞ്ഞെടുക്കുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഭരണ സമിതിയാണ് സംസ്ഥാന/ജില്ലാ ഒളിമ്പിക് അസോസിയേഷനുകൾ ഭരിക്കുന്നത്.

(ഡി) അസോസിയേഷന്റെ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക സ്രോതസ് എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അഫിലിയേഷൻ ഫീസ്, ഡൊണേഷൻ, രജിസ്ട്രേഷൻ ഫീസ്, സ്പോൺസർഷിപ്പ്, ചാനൽ/മത്സര സംപ്രേഷണ അവകാശം, സർക്കാർ അനുവദിച്ച പരിപാടി നടത്തിപ്പ് ചെലവ്, ബാങ്ക് ഇന്ററസ്റ്റ് എന്നീ ഇനങ്ങളിലായി കേരള ഒളിമ്പിക് അസോസിയേഷന് വരുമാന സ്രോതസ്സുകളുള്ളതായും മേൽ ഇനങ്ങളിലായി 2019-20 സാമ്പത്തിക വർഷം 40,57,762 രൂപയും 2020-21 സാമ്പത്തിക വർഷം 43,83,999 രൂപയും വരുമാനമുള്ളതായും കായിക സംഘടനകൾ, സ്വകാര്യ വ്യക്തികൾ, കൈവശമുള്ള ഇതര ഫണ്ട് എന്നിവയിൽ നിന്നായി 2019-20 സാമ്പത്തിക വർഷം 12,50,000 രൂപയും 2020-21 സാമ്പത്തിക വർഷം 14,75,000 രൂപയും ലോണായി സമാഹരിച്ചിട്ടുള്ളതായി പ്രസ്തുത അസോസിയേഷൻ കായികയുവജനകാര്യ ഡയറക്ടറേറ്റിൽ സമർപ്പിച്ച രേഖകൾ പ്രകാരം കാണുന്നു. കൂടാതെ 2020-21 സാമ്പത്തിക വർഷത്തെ ബഹു.ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് മറുപടി പ്രസംഗത്തിൽ കേരള ഒളിമ്പിക് അസോസിയേഷന് 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽനിന്നും 25 ലക്ഷം രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുകൊണ്ട് 25-2-2021-ലെ സ.ഉ.(സാധാ)നമ്പർ 75/2021/കാ.യു.വ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.